

# നറുമൊഴി

## JANAKI MEMORIAL U.P SCHOOL CHERUPUZHA

## 2022

rawpixel

# താളുകൾ മറിക്കുമ്പോൾ

-----------------

- വിഷ വിത്ത് (കവിത)
- കേരളം അറിയാൻ (ലേഖനം)
- ഡിജിറ്റൽ പെയിന്റിംഗ്
- ഒരിക്കലും പഠിക്കാത്ത മനുഷ്യർ (കഥ)
- തിരുമേനിയുടെ ചരിത്രം
- സംഖ്യാശാസ്ത്രം
- ആസ്വാദനക്കുറിപ്പ്
- ജലം (കവിത
- മൊബൈൽ ഫോട്ടോഗ്രാഫി
- കഥ

# വിഷ വിത്ത്

-------------

വിഷ വിത്ത്
ഒരു ചില്ലു ഗ്ലാസിൽ പതയുന്ന
ലഹരിയിൽ ആടിതകർക്കുന്നു
ജീവിതം നാം
പുകയുന്നൊരിലയുടെ ഉന്മാദ
ഗന്ധത്തിൽ
ആടിത്തിമിർക്കുന്നു യൗവനം
നാം
ചിലരുണ്ട് ഭൂമിയിൽ ലഹരിതൻ
വസ്തുക്കൾ നട്ടു നനച്ചു
വളർത്തുന്നവർ
ചിലരുണ്ട് ഭൂമിയിൽ ലഹരിതൻ
വിത്തുകൾ വിതരണം ചെയ്തു
നടക്കുന്നവർ
മധുരങ്ങൾ നുണയേണ്ട
നാക്കുകളിൽ ഇന്ന് ലഹരി
വസ്തുക്കൾ നുണഞ്ഞിടുന്നു
ലഹരി വസ്തുക്കൾ കാർന്നു
തിന്നുന്നിതാ ഹൃദയവും
സ്നേഹ ബന്ധങ്ങളും
ഓർക്കുക നിങ്ങളാ വിത്തുകൾ
നട്ടൊരാ വഴികളിൽ
കൂടിയൊന്നറിയാതെ  പോലും
നടക്കരുതേ
അറിയാതെ പോലും
നടക്കരുതേ.........



അശ്വതി. കെ
7-B

കേരളം അറിയാൻ

# കേരളമാക്കി വയ്ക്കാൻ എന്നാണ് കഴിയുക?




ദൈവത്തിൻറെ സ്വന്തം നാടാണ്! കേരളം എന്ന് കേൾക്കുമ്പോൾ മനസ്സിൽതെളിയുന്ന ചിത്രത്തിൽ കേരവൃക്ഷങ്ങൾ തിങ്ങി നിറഞ്ഞു നിൽക്കുന്നു. എന്നാൽ ഇന്ന് യഥാർത്ഥചിത്രം മാറിപ്പോയി. പച്ചപ്പട്ടു വിരിച്ച വയലുകൾക്കു പകരം, ഉണങ്ങി ശ്വാസംമുട്ടുന്ന നെൽപ്പാടങ്ങൾ. മനോഹരമായ മലനിരകൾക്കു പകരം ചങ്കുപൊട്ടി മരിക്കുന്ന കരിങ്കൽ ക്വാറികൾ. കളകളം പൊഴിച്ച് ഒഴുകേണ്ട അരുവികൾക്കുപകരം, മലിനമായ ചാലുകൾ. ഒഴുക്ക് ബാക്കിവന്ന കുറച്ച് പുഴകൾ ദിശമാറിവന്ന് ഭയപ്പെടുത്തുന്നു. സാക്ഷരതയിലും മറ്റ് ഒരുപാടിടത്തും മുന്നിട്ടുനിൽക്കുന്ന മലയാളികൾ തന്നെയാണ് മണൽവാരി പുഴയുടെ ഗതി മാറ്റിമറിക്കുന്നത്. പ്രളയം പോലുള്ള ദുരന്തങ്ങൾ നാം ഏറ്റുവാങ്ങേണ്ടി വരുമ്പോഴും നമുക്കൊരു കുലുക്കവുമില്ല. പ്രകൃതി കനിഞ്ഞുനൽകിയ മനോഹരമായ നാടിനെ കാത്തു സൂക്ഷിച്ച് കേരളമാക്കി വയ്ക്കാൻ നമുക്ക് എന്നാണ് കഴിയുക? ഇനിയും പച്ചപ്പ് മായാതിരിക്കട്ടെ!

മാതൃഭൂമി ആകാശപ്പച്ച



സ്നേഹ ടി.
ചെറുപുഴ ജാനകി മെമ്മോറിയൽ യു.പി.സ്കൂൾ, കണ്ണൂർ

# Digital painting





**Saniya jimmy**


**7D**

# ഒരിക്കലും പഠിക്കാത്ത മനുഷ്യർ

അവൾ എന്നും രാവിലെ തന്നെ പതിവുപോലെ എഴുന്നേറ്റു. തലേ ദിവസം ഓഫീസിൽ നല്ല ~~കി~~ ജോലി- ത്തിരക്കായിരുന്നു. കിടക്കുമ്പോൾ നല്ല തലവേദനയും ഉണ്ടായിരുന്നു. വീണ്ടും കുറച്ചു നേരം കൂടി കിടന്നു മയങ്ങിപ്പോയി. എഴുന്നേറ്റപ്പോൾ 8 മണിയായി. അവൾക്ക് മുഖം കഴുകാനായി ടാപ്പു തുറന്നപ്പോഴാണ് മനസ്സിലായത് ഇന്നലെ പറഞ്ഞിരുന്നത്: രാവിലെ 8 മണിക്ക് കരണ്ട് പോകും എന്ന്. രാവിലെ ദോശ ചുടാനുള്ള അരി എങ്ങനെ അരയ്ക്കും എന്ന ചിന്തയിലായി അവൾ. ഓഫീസിൽ പോകേണ്ട തിരക്ക- മൂലവും കുട്ടികളെ സ്കൂളിൽ വിടാനുള്ള സമയവും ആയിക്കൊണ്ടിരിക്കുകയാണ. 8:30 സ്കൂൾ ബസ്സ് എത്തും. ഇന്നലെയും ഓഫീസിൽ എത്താൻ താമസിച്ചു. കാരണം ബസ്സ് കിട്ടിയില്ല. ഒടുവിൽ അവൾ ഒരു തീരുമാനത്തിൽ എത്തി. ഇന്നത്തേക്ക് മാത്രം ഹോട്ടലിൽ നിന്ന് ഫുഡ് കഴിക്കാം. അവൾ അടുത്തുള്ള ഹോട്ടലിൽ നിന്ന് പ്രാതൽഭക്ഷണവും ഉച്ചഭക്ഷണവും വാങ്ങി ഹോട്ടലിൽ നിന്ന് ഇറങ്ങി. സ്കൂളിൽ പോകാനുള്ള കുട്ടികളുടെ ബസ്സ് വന്നു. അവൾ അവരെ യാത്രയാക്കി. തന്റെ ബസ്സിന് ഓഫീസിൽ എത്തി. സമയം ഉച്ചയായി. ചോറ്റുപാത്രം തുറന്നപ്പോഴാണ് മക്കളുടെ ക്ലാസ് ടീച്ചർ വിളിക്കുന്നത്. ടീച്ചർ കാര്യം പറഞ്ഞ് ഫോൺ കട്ട് ചെയ്തവൾ അവൾ ഹോസ്പിറ്റലിലേക്ക് പോയി ഡോക്ടറോട് കാര്യം ചോദിച്ച- പ്പോഴാണ് മനസ്സിലായത് രാവിലത്തെ ഫുഡ്ഡിൽ എന്തോ അടങ്ങിയിരുന്നു. അവിടുന്ന് അന്ന് ഫുഡ് കഴിച്ചവർക്കും ഈ കുഴപ്പം ഉണ്ടായിരുന്നു. പല പ്രശ്നങ്ങളാൽ ആ ഹോട്ടൽ പൂട്ടിച്ചു. കുറേ നാൾ കഴിഞ്ഞ് ആ ഹോട്ടൽ വീണ്ടും തുറന്ന് പ്രവർത്തിച്ചു. അന്നും ആൾക്കാർ പാഴ്സൽ വാങ്ങുകയും കഴിക്കുകയും ചെയ്തിരുന്നു. അപ്പോൾ അവൾ പറഞ്ഞു "ഒരിക്കലും പഠിക്കാത്ത മനുഷ്യർ".

**ahalya sajayan**

**7C**



# "തിരുമേനിയുടെ ചരിത്രം "

## *ചുവരുകളിൽ കോറിയിട്ടത്*

_ചരിത്രം എന്നു തുടങ്ങുന്നു
എവിടെ തുടങ്ങുന്നു എന്നുള്ള
കൃത്യമായ കാലഗണനന
സാധ്യമല്ല.എവിടെ തുടങ്ങിയാലും
അതിനുമപ്പുറം എന്ത്?എന്നുള്ള
ചോദ്യം നമ്മെ പിൻ
തുടരുന്നു.വാമൊഴികളായും
വരമൊഴികളായും
ശേഷിപ്പുകളായും ലഭ്യമായവ
കൂട്ടിവെക്കുമ്പോഴാണ് ഒരു
നാടിൻറെ ചരിത്രമാകുന്നത്.

"മൂവരിൽകേമൻ മാനം മുട്ടും
കൊട്ടച്ചിയും മലകളിൽ സുന്ദരി
മദ്ധ്യേ നിലക്കുമളുമ്പും മുട്ടിയുരുമ്മി
തൊട്ടടുത്തു തേവറുക്കുന്നും
മുറ്റെ കൈക്കുമ്പിളിൽ
വാരിപ്പിടിച്ചൊരു ദേശമീനാട്."
എന്ന് പ്രാദേശിക കവി പാടിയത്
ഈ ദേശത്തിൻറെ മനോഹാരിത
തെളിവാക്കുന്നു.'തിരുമേനി' പേര്
പോലെ സുന്ദരമായ
നാട്.പ്രകൃതിയുടെ
സുന്ദരശേഷിപ്പുകളിലൊന്നായ ഈ
നാടിനെ നഗരവത്കരണം ഇനിയും
ബാധിച്ചിട്ടില്ലെന്നതും മണ്ണും
വെള്ളവും വായുവും
സസ്യജ്ജാലങ്ങളും കാത്ത്
സൂക്ഷിക്കാൻ കഴിഞ്ഞുവെന്നതും
ആശ്വാസകരവും
അഭിമാനകരവുമാണ്.

ചെങ്കൽ ഗുഹകൾക്കും
മുനിയറകൾക്കും
നന്നങ്ങാടികൾക്കും
കാലപ്രവാഹത്തിൽ
മങ്ങലേറ്റെങ്കിലും പറയാൻ
ഒരുപാട് ചരിത്രം
ബാക്കിയുണ്ട്.

*19*-ാം നൂറ്റാണ്ടിന്റെ
തുടക്കത്തിൽ കൊടും
വനമായിരുന്നു ഈ
പ്രദേശം.*300* ലേറെ വർഷം
പഴക്കമുണ്ടെന്നു
കരുതുന്നതും
ഹിന്ദുവും-മുസ്ലിം മൈത്രിക്ക്
പ്രശസ്തവുമായ പുളിങ്ങോം
മഖാം ആണ് സമീപത്തെ
ഏറ്റവും പഴക്കമേറിയ ചരിത്ര
സ്മാരകം.*1950* കളിൽ
കുടിയേറ്റം
ആരംഭിച്ചുവെങ്കിലും
അതിനുമുമ്പുള്ള ചരിത്രം
വാമൊഴികളിൽ കൂടി
ലഭ്യമാണ്.

കണ്ണൂർ ജില്ലയിലെ ഏഴോം,
കോറോം, കരിവെള്ളൂർ,
തുടങ്ങിയ പ്രദേശങ്ങളിൽ
നിന്ന് പ്രാപ്പോയിൽ,തിരുമേനി
തുടങ്ങിയ പ്രദേശങ്ങളിലേക്ക്
വിവിധ
സമുദായങ്ങളിൽപ്പെട്ടവർ
കുടിയേറിയിരുന്നു.

ജന്മിമാരുടെ
ചേരിക്കല്ലുകളിൽ
പണിയെടുത്തിരുന്ന
ആദിവാസി വിഭാഗമാണ്
ആദ്യ ജനത.പ്രദേശത്തിൻറെ
അധിപൻമാർ ജന്മിമാരും
പുനക്യഷിക്കായി വന്ന
കുടിയാന്മാരും ആണ്
.ഓലയും മുളയും മെടഞ്ഞ്
ഉണ്ടാക്കുന്ന കൂരകളിലും
ഏറുമാടങ്ങളിലുമാണ്
ആദിവാസികൾ
കഴിഞ്ഞിരുന്നത്

ആദ്യം
കേൾക്കുന്നവർക്ക്
ആശ്ചര്യവും
അതിലേറെ
കൗതുകവുമണർത്തു
ന്ന പേരാണ് തിരുമേനി
.കുടിയേറ്റത്തിന് വളരെ
മുൻപ് ത്ന്നെ ഇപ്പോൾ
ഹൈസ്കൂൾ സ്ഥിതി
ചെയ്യുന്നതിനും
തിരുമേനി ടൗണിലും
ഇടയ്ക്കുള്ള ഭാഗത്ത്
ചില ബ്രാഹ്മണ
കുടുംബങ്ങൾ
താമസിച്ചിരുന്നു.അവർ
തോടിനോട്
ചേർന്നുള്ള ഭാഗം
നിരപ്പാക്കി നെൽകൃഷി
നടത്തിയിരുന്നു.തിരു
മേനിമാർ
താമസിച്ചിരുന്ന ആ
ഭാഗം ക്രമേണ
തിരുമേനി പൊയിൽ
എന്നറിയപ്പെടുകയും
പിന്നീട് തിരുമേനി
എന്നായി മാറുകയും
ചെയ്തു.ഇവിടെ
താമസിച്ചിരുന്ന
ബ്രാഹ്മണ
കുടുംബങ്ങളുടെ
പിന്മുറക്കാർ ഇടവരമ്പ്
കൂമ്പൻ കുന്നിൽ
ഇപ്പോഴും ഉള്ളതായി
അറിയപ്പെടുന്നു.

നൂറ്റാണ്ടുകൾക്ക് മുൻപ് ഇവിടെ
മനുഷ്യവാസം ഉണ്ടായതിന്റെ
ചില ശേഷിപ്പുകൾ ഇപ്പോഴും
അവശേഷിക്കുന്നു.തിരുമേനി
ഗവ.ഹൈസ്കൂളിന് സമീപം
പള്ളിവക സ്ഥലത്ത് ചെങ്കൽ
പാറയിൽ അടക്കാവുന്ന
കവാടത്തോടുകൂടിയ ഗുഹകളും
അതിനുള്ളിലെ മൺ
ഭരണികളും,മൺപാത്രഅവശിഷ്
ടങ്ങളും,ഇരുമ്പ് ആയുധങ്ങളുടെ
അവശിഷ്ടങ്ങളും
ചരിത്രശേഷിപ്പുകൾ ആണ്
.ഇടുങ്ങിയ കവാടത്തിനുള്ളിൽ
വിശാലമായ
സൗകര്യമാണുള്ളത്.സ്കൂളിലേ
ക്കുള്ള റോഡിൻറെ വശത്ത്
ഇപ്പോഴും ഒരു ഗുഹയുടെ
പ്രവേശന കവാടത്തിന്റെ
അവശിഷ്ടങ്ങൾ
കാണാം.ചെങ്കല്ലിൽ കൊത്തി
ഉണ്ടാക്കിയ അടപ്പുകൾ നശിച്ചു
പോയി.വെട്ടുകല്ല്
കൊത്തിയെടുക്കുന്നതിനിടയിൽ
ഇവ കണ്ടെത്തിയെങ്കിലും
ചരിത്ര പ്രാധാന്യം
മനസ്സിലാക്കാതെ കല്ല്
കൊത്തിയെടുക്കുകയാണ്
ഉണ്ടായത്.ഒരാൾക്ക് കുനിഞ്ഞു
കയറാവുന്ന പ്രവേശന
കവാടവും പുറമേയുള്ള
കാര്യങ്ങൾ നിരീക്ഷിക്കാനായി
ഒരാളുടെ തലകടക്കാവുന്ന
ഭാഗവും ഗുഹയുടെ
മേൽത്തട്ടിൽ
ഉണ്ടായിരുന്നു.ക്ഷേത്രാവശിഷ്ട
ങ്ങളും മുനിയറകളും
ചരിത്രശേഷിപ്പുകൾ തന്നെ



__അമേയ അഭിലാഷ്
VII ഇ
ജെ.എം. യുപി.സ്കൂൾ
ചെറുപുഴ__

# സംഖ്യാ ശാസ്ത്രം

---

**1**നും **10**നും
ഇടയിൽ ഒരു സംഖ്യ
വിചാരിക്കൂ അതിനോട്
**2** കൂട്ടുക. അടുത്ത
ഉത്തരത്തെ
ഇരട്ടിയാക്കുക. **5**
കൊണ്ട് ഗുണിക്കുക.
ഇനി **10** കൊണ്ട്
ഹരിക്കുക. ആദ്യം
വിചാരിച്ച സംഖ്യ
കുറയ്ക്കുക. നിങ്ങൾ
നിങ്ങളുടെ ഉത്തരം
ഞാൻ പറയട്ടെ..

**2**



**മിഷേൽ പ്രാണേഷ്**
**7D**

# ആസ്വാദനക്കുറിപ്പ്

## പ്രകാശം പരത്തുന്ന പെൺകുട്ടി

മലയാളസാഹിത്യത്തിലെ പ്രശസ്തനായ ഒരു ചെറുകഥാകൃത്താണ് ടി പത്മനാഭൻ . ഇദ്ദേഹത്തിൻറെ ഒരു പ്രശസ്തമായ കഥാസമാഹാരമാണ് പ്രകാശം പരത്തുന്ന പെൺകുട്ടി . ജീവിതത്തിന്റെ നാനാമുഖങ്ങൾ നമുക്കു മുന്നിൽ വരച്ചുകാട്ടിയ ഒരു എഴുത്തുകാരനാണ് ടി. പത്മനാഭൻ . ജീവിതബന്ധിയായ ഒട്ടേറെ കഥകൾ ഉൾക്കൊള്ളുന്ന ഒരു കഥാസമാഹാരമാണ് ഇത്. ഈ കഥാസമാഹാരത്തിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട കഥ 'പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി ' എന്നതാണ്. വിലയേറിയ വസ്ത്രങ്ങളോ ഭംഗിയായി ചീകിയ മുടിയോ ഒന്നും കഥാനായകനില്ല. എന്നാൽ ആ പെൺകുട്ടി അങ്ങനെയല്ല . വൈരം പോലുള്ള മുക്കുത്തി അണിഞ്ഞ് തന്റെ അനുജനും അനുജത്തിക്കും ഒപ്പം എത്തിയ അവൾക്ക് പരിഭ്രമമോ പേടിയോ ഉണ്ടായിരുന്നില്ല. അവൾ അവളുടെ കൊച്ചു ലോകത്ത് സന്തോഷത്തോടെ സ്വപ്നങ്ങളോടെയും ആഗ്രഹങ്ങളോടെയും ആകാംക്ഷകളോടെയും കൂടി ജീവിച്ചു. സ്വയം സന്തോഷിക്കണം എന്നും മറ്റുള്ളവരെ എന്നും സന്തോഷിപ്പിക്കണമെന്നും അവൾ വിചാരിച്ചു. ഒരു ഭംഗിയാർന്ന പൂന്തോട്ടമായി അവൾ അവളുടെ ജീവിതത്തെ കണ്ടു. അവളിലെ ചിരിയും ഉത്സാഹവും ആയിരുന്നു ആത്മഹത്യയ്ക്ക് ഒരുങ്ങിയ ആ കഥാനായകന്റെ മനസ്സിൽ തെളിഞ്ഞു നിന്നത്. ആത്മഹത്യാശ്രമം പരാജയപ്പെട്ട അതിനുശേഷം അയാളുടെ മനസ്സിൽ അവൾ ഒരു ചിരിയോടെ നിറഞ്ഞുനിന്നു

സമാധാനത്തിനായി ഒട്ടേറെ ഇടങ്ങളിൽ പോയി മടങ്ങിവരുന്ന നിരവധി വ്യക്തികളെ നമുക്കിന്ന് കാണാം. എന്നാൽ ശരിയായ രീതിയിൽ സമാധാനം ലഭിക്കാതെയാണ് എല്ലാവരും മടങ്ങുന്നത്. കഥാനായകനും ഇതുപോലെ അനുഭവങ്ങളുടെ വിഴുപ്പ് പാണ്ഡവും പേറി ജീവിതത്തിൻറെ ദുർഘടങ്ങൾ ആയ വഴികളിലൂടെ സഞ്ചരിക്കുന്ന വ്യക്തിയാണ്. എന്നാൽ ഓർമ്മകളിൽ അവശേഷിക്കുന്ന സന്തോഷം മാത്രമാണ് ഏതൊരാളെയും പോലെ ഇദ്ദേഹത്തിനും തുണയായത്. നിത്യ ജീവിതത്തിലെ ഓരോ ചെറിയ പരിചയപ്പെടലുകളും ഒരു ജീവിതകാലം മുഴുവൻ സന്തോഷം നിറയ്ക്കുന്ന ചില ഓർമ്മകളായി മാറും എന്ന് ഈ കഥയിലൂടെ നമുക്ക് കാണാൻ കഴിയുന്നു.
മരണത്തെ രണ്ട് കൈയും നീട്ടി സ്വീകരിക്കുവാൻ തയ്യാറാവുകയായിരുന്നു കഥാനായകൻ. അവളെ കണ്ട ആ ദിവസം തനിക്ക് അറിയുന്നവരെ തന്നെ സ്നേഹിച്ചിരുന്നവരുടെ വീടുകൾ അയാൾ കയറിയിറങ്ങി. താൻ മടങ്ങി വരില്ല എന്ന നഗ്നസത്യം മറ്റൊരു രീതിയിൽ കഥാകൃത്ത് അവരുടെ മുമ്പിൽ അവതരിപ്പിച്ചു. അവസാന ആഗ്രഹ സാക്ഷാത്ക്കാരത്തിനായി തീയറ്ററിൽ എത്തിയ കഥാനായകന്റെ അടുത്തേക്ക് സന്തോഷത്തിന്റെ പ്രതിരൂപമായി ആ പെൺകുട്ടിയെത്തി. 'പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി'. സാധാരണ കുട്ടികളിൽ - കാണാറുള്ള ഉത്കണ്ഠയോ പരിഭ്രമമോ അവൾക്കുണ്ടായില്ല എന്നത് അയാൾ അവയെ ശ്രദ്ധിക്കുവാൻ ഇടയാക്കി. തന്റെ അനുജനോടും അനുജത്തിയോടും തമിഴും മലയാളവും കലർന്ന ഭാഷയിൽ സംസാരിച്ചുകൊണ്ടേയിരുന്നു. ഒരു കാട്ടുചോല പാറക്കെട്ടിൽ തട്ടി ചിന്നിച്ചിതറും പോലെ പൊട്ടിച്ചിരിക്കുകയും ചെയ്തു. മറ്റുള്ളവരുടെ സങ്കടങ്ങളിലും സന്തോഷങ്ങളിലും അവൾ പങ്കുചേർന്നു. മരണത്തിന്റെ ഇടവഴികളിലേക്ക് കാലുവെച്ച കഥാനായകന്റെ മനസ്സിൽ സ്വയം വിലയിരുത്തലിന് അവസരം ലഭിച്ചുകൊടുക്കുകയും അവൾ ചെയ്തു.

എന്നാൽ ഏതൊരു മനുഷ്യന്റെയും പ്രശ്നങ്ങൾ നമുക്ക് വാക്ക് തർക്കങ്ങളാൽ പരിഹരിക്കാം എന്ന് പറയുന്ന വിഡ്ഢികളുടെ സമൂഹത്തിലാണ് ഈ കഥ പറയുന്നത്. ഒരു ചിരിക്കും അനുകമ്പാപൂർവ്വമായതല്ലാത്ത നേർരീതിയിലുള്ള ഒരു ചോദ്യത്തിനോ വാക്കിനോ പോലും ഒരു പ്രശ്നം പരിഹരിക്കാൻ കഴിയും എന്നാണ് ഈ കഥ നമുക്കും മുന്നിൽ വെളിവാക്കുന്നത്. ചെറിയ കാര്യങ്ങൾക്ക് പോലും ആത്മഹത്യയെ അഭയം പ്രാപിക്കുന്ന പുതിയ ലോകത്ത് അവളെപ്പോലുള്ള പ്രകാശം പരത്തുന്ന പെൺകുട്ടികൾ കുറവാണ് എന്ന് നമുക്ക് മനസ്സിലാക്കാം. സ്നേഹത്തോടെയുള്ള ഒരു ചിരിക്കും നോട്ടത്തിനുമായി പ്രകാശം പരത്തുന്ന പെൺകുട്ടികൾ ഇനിയും നമ്മുടെ സമൂഹത്തിൽ ഉണ്ടായേ തീരൂ. ഈ കഥയിലൂടെ എങ്കിലും പ്രകാശം പരത്തുന്ന ഒട്ടേറെ വ്യക്തികൾ നമ്മുടെ സമൂഹത്തിൽ പിറവി കൊള്ളട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.

_നിരഞ്ജന ജി

**7E**



# ജലം


കുടിക്കുവാൻ വേണം
ജലം
കുളിക്കുവാൻ വേണം
ജലം
ഭക്ഷണമുണ്ടാക്കാൻ
വേണം ജലം
നമുക്കലെക്കുവാൻ
വേണം ജലം
അഴുക്കകെറ്റാൻ
വേണം ജലം
ജലക്ഷാമം ഇന്ന്
നാടാകെ രൂക്ഷം
ജലം അമൂല്യമാണ്
അറിയുക ജനതെ
ജലം അമൂല്യമാണ്
ഇത് കരുതുക ജനതെ

ജനക്ഷേമം എന്നാൽ
അതിന് അതിലോ
കഷ്ടം
ജലം ദുരുപയോഗം
അരുത്
ജലം പാഴാക്കരുത്
ജലം പാഴാക്കരുത്



**alona saji**
**7B**

# Mobile photography





**Siya.T**
**3B**

മഹാനഗരമായ ലണ്ടനിലെ മീൻകച്ചവടക്കാരനായിരുന്നു ആൽഫ്രഡ്.എന്നും രാവിലെ ജോലിക്കുപോയി വൈകുന്നേരമാണ് ആൽഫ്രഡ് വീട്ടിൽ തിരിച്ച് എത്തുന്നത്. അൽഫ്രഡിന്റെ വീട്ടിൽ ഭാര്യയും മൂന്ന് പ്രായപൂർത്തിയായ പെണ്മക്കളുമുണ്ടായിരുന്നു. ഭാര്യ എലിസബത്ത്. മക്കൾ ലിസ,ജൂലിയറ്റ്,ആൻമേരി.അവർ ഒരു ചെറിയ വീട്ടിൽ സന്തോഷത്തോടെ താമസിച്ചു. ഒരിക്കൽ പ്രാതൽ കഴിഞ്ഞ് ആൽഫ്രഡ് ജോലിക്കുപോയ സമയം. എലിസബത്തിന് ഒരുപാട് ജോലിയുണ്ടായിരുന്നു."നിങ്ങൾ ജോലിയിൽ എന്നെ സഹായിക്കാമോ"എലിസബത്ത് മക്കളോട് ചോദിച്ചു.ആതുകേട്ട ലിസക്കും ജൂലിയറ്റിനും മടിയായി.

ഭക്ഷണമൊക്കെ കഴിച്ച് വയറ്
നിറഞ്ഞിരിക്കുകയല്ലേ. എങ്ങനെ
പണിയെടുക്കും. "ഇപ്പോൾ ഞങ്ങൾ
മടുത്തു. ഞങ്ങൾ
പണിയെടുക്കില്ല."ലിസ പറഞ്ഞു.
അവർ രണ്ടുപേരും കട്ടിലിൽ
കയറി കിടന്നു. എലിസബത്തിന്
വിഷമമായി. "അമ്മ
വിഷമിക്കണ്ട.ഞാൻ അമ്മയെ
സഹായിക്കാം."ആൻമേരി
പറഞ്ഞു. അങ്ങനെ
എലിസബത്തും അൻമേരിയും
പണിയെല്ലാം തീർത്തു. പക്ഷെ
ലിസയും ജൂലിയറ്റും
വിശ്രമിക്കുകയായിരുന്നു.
കുറച്ചുനേരം കഴിഞ്ഞപ്പോൾ
എലിസബത്ത് സാധനങ്ങൾ
വാങ്ങാൻ കടയിൽ പോയി.
തിരിച്ചുവന്നപ്പോൾ വാങ്ങിയ
സാധനങ്ങൾ ആൻമേരി
എടുത്തുവച്ചു. അതിന്റെ ഇടക്ക്
അതാ ചുവന്ന നിറത്തിൽ
മുടിയിൽ കെട്ടാവുന്ന ബൺ.!
അതിന് നല്ല
തിളക്കമുണ്ടായിരുന്നു.ആൻമേരി
അതിനുമുമ്പ് അത്രയും
തിളക്കമുള്ള ഒരു ബൺ കണ്ടിട്ടില്ല.

"അമ്മേ ഇത് ആർക്കുവേണ്ടി വാങ്ങിയതാ.നല്ല തിളക്കമുണ്ടല്ലോ"ആൻമേരി അത്ഭുതത്തോടെ ചോദിച്ചു."ഇതെങ്ങനെ ഇവിടെ വന്നു .ഇത് ഞാൻ വാങ്ങിയതല്ല മോളെ."എലിസബത്ത് പറഞ്ഞു. ഇവരുടെ സംസാരമെല്ലാം കേട്ട് ലിസയും ജൂലിയറ്റും അടുക്കളയിലേക്ക് വന്നു.അവർ ആൻമെരിയുടെ കയ്യിലിരിക്കുന്ന ബൺ കണ്ടു."ഈ ബൺ കാണാൻ എന്തൊരു ഭംഗിയാ ഇത് എനിക്ക് തരുമോ"?.ലിസ ചോദിച്ചു."അല്ല ഇത് എനിക്ക് താ" ജൂലിയറ്റും പറഞ്ഞു.അവർ രണ്ടുപേരും വഴക്കുണ്ടാക്കി.അപ്പോൾ എലിസബത്ത് പറഞ്ഞു"എന്നെ സഹായിച്ചവർക്കും സ്നേഹിച്ചവർക്കും മാത്രമേ ഞാൻ ഇത് കൊടുക്കൂ.ഇത് ആൻമേരിക്ക് ഞാൻ കൊടുക്കും കാരണം അവൾ മാത്രമേ എന്നെ സഹായിച്ചുള്ളൂ." ഇത് കേട്ടപ്പോൾ ലിസയും ജൂലിയറ്റും അസൂയയോടെ പിറുപിറുത്തുകൊണ്ട്

അവിടെനിന്നും പോയി. ആൻമേരി വളരെ സന്തോഷത്തോടെ ആ ബൺ അവളുടെ മുടിയിൽ കെട്ടി. അപ്പോൾ ആ ബൺ കൂടുതൽ തിളങ്ങുന്നതായി തോന്നി. ഈ സമയം ലിസയും ജൂലിയറ്റും അസൂയയോടെ കട്ടിലിൽ കിടക്കുകയായിരുന്നു."ആൻമേരി യെ ഇവിടെനിന്നും തുരത്തണം.അവൾ വലിയ ജോലിയൊക്കെ ചെയ്യുന്നതുകൊണ്ട് അമ്മക്ക് അവളോടാണ് കൂടുതൽ സ്നേഹം. അവളെ ഇവിടെനിന്ന് ഓടിച്ചാൽ നമുക്ക് സമാധാനത്തോടെ കഴിയാം.".ലിസ പറഞ്ഞു."അതു ശരിയാ എനിക്ക് നല്ലൊരു ഉപായം തോന്നുന്നുണ്ട്."ജൂലിയറ്റ് ലിസയുടെ ചെവിയിൽ സ്വകാര്യമായി എന്തോ പറഞ്ഞു. കുറേ നേരം കഴിഞ്ഞു വൈകുന്നേരമായി. ആൽഫ്രഡ് വീട്ടിൽ തിരിച്ചെത്തി."ഇന്ന് ഒരുപാട് മീൻ കിട്ടി.നല്ല കച്ചവടവും ഉണ്ടായിരുന്നു. കുറച്ചു മീൻ ബാക്കി ഉണ്ട് .ഇന്ന് അത്താഴത്തിന് ഇത് ധാരാളം മതി."ആൽഫ്രഡ് പറഞ്ഞു. എലിസബത്തും

അൻമേരിയും അത്താഴം തയാറാക്കി. എല്ലാവരും അത്താഴം കഴിക്കുന്ന സമയത്ത് ലിസ ഒരു കള്ളച്ചിരിയോടെ അൽഫ്രഡിനോട് പറഞ്ഞു:"ഞാൻ ഒരുസ്ഥലം കണ്ടു. അത് വളരെ മനോഹരമാണ്.നാളെ നമുക്ക് അങ്ങോട്ട് പോയാലോ?."ലിസയുടെ ചോദ്യം."ഓ അതിനെന്താ. നിങ്ങൾ നാലുപേരും പൊയ്ക്കോളൂ. എനിക്ക് ജോലിയുണ്ട്. നിങ്ങൾ രാവിലെ തന്നെ അങ്ങോട്ട് പൊയ്ക്കോളൂ വേഗം വന്നാൽ മതി."ആൽഫ്രഡ് പറഞ്ഞു. അങ്ങനെ പിറ്റേ ദിവസം അവർ നാലുപേരും പുറത്തേക്ക് പോയി.എലിസബത്ത് ഭക്ഷണ സാധനങ്ങൾ എടുത്തു വച്ചു. ആൻമേരിയും സഹായിച്ചു. അപ്പോൾ എലിസബത്ത് അൻമേരിയോട് പറഞ്ഞു."നമ്മൾ ഇവിടേക്ക് വിനോദത്തിനല്ലേ വന്നത്.നീ ചേച്ചിമാരുടെ കൂടെ പോയ്ക്കോളു. ഞാൻ ഇത് നോക്കിക്കോളും." ആൻമേരി ചേച്ചിമാരുടെ കൂടെ പോയി. അൻമേരിയെ എങ്ങനെയെങ്കിലും

കുടുക്കാൻ നോക്കുകയായിരുന്നു ലിസയും ജൂലിയറ്റും. കുറച്ചുനേരം നടന്നപ്പോൾ അവർ ഒരു ആഴമുള്ള കുഴി കണ്ടു.തന്ത്രം പയറ്റാനുള്ള സമയമായി. ലിസയും ജൂലിയറ്റും തമ്മിൽ നോക്കി കണ്ണിറുക്കി ചിരിച്ചു. ലിസ കുഴിയിലേക്ക് നോക്കി. എന്നിട്ട് പറഞ്ഞു".ഓ ഈ കുഴിയിൽ തിളങ്ങുന്ന കൂണുകൾ ഉണ്ട്.കാണാൻ എന്തൊരു ഭംഗിയാ".ജൂലിയറ്റും കുഴിയിലേക്ക് നോക്കി."അതേ കാണാൻ നല്ല ഭംഗിയുണ്ട്".ജൂലിയറ്റും പറഞ്ഞു. "ഞാനും ഒന്ന് നോക്കട്ടെ"ഇത്രയും പറഞ്ഞ് അൻമേരിയും ആ കുഴിയിലേക്ക്
നോക്കി .ഇതായിരുന്നു ലിസയ്ക്കും ജൂലിയറ്റിനും പറ്റിയ സമയം. അവർ അൻമേരിയെ കുഴിയിലേക്ക് തള്ളിയിട്ടു.! വളരെ ആഴമുള്ള കുഴിയായിരുന്നതുകൊണ്ട് ആൻമേരി ഒരുപാട് ആഴത്തിലേക്ക് പോയി. ലിസയും ജൂലിയറ്റും അവളെ കാണാതെ പോയി എന്ന് എലിസബത്തിനോട് പറഞ്ഞു. ഈ സമയം ആൻമേരി ആഴത്തിലേക്ക്

പോയ്ക്കൊണ്ടിരിക്കുകയായിരുന്നു.പേടി കാരണം ആൻമേരിയുടെ ബോധം പോയി.ഒരുപാട് നേരം കഴിഞ്ഞാണ് അവൾ കണ്ണ് തുറന്നത്.നോക്കുമ്പോൾ അവൾ മരങ്ങളും പൂക്കളും നിറഞ്ഞ ഒരു സ്ഥലത്തായിരുന്നു. ആൻമേരിക്ക് കുഴിയിലേക്ക് അവർ തള്ളിയിട്ടതും ആഴത്തിലേക്ക് പോയതും മാത്രമേ ഓർമ വരുന്നുള്ളൂ. മറ്റൊന്നും തന്നെ ഓർമയില്ല. കുറച്ചുനേരം എങ്ങോട്ടെന്നില്ലാതെ അവൾ നടന്നു. അപ്പോൾ അവൾ ഒരു ബോർഡ് കണ്ടു. അതിൽ 'ട്രീസാ ലാന്റിലേക്ക് സ്വാഗതം' എന്ന് എഴുതിയിരുന്നു.'ട്രീസാ ലാന്റ് '.അങ്ങനെയൊരു പേര് അവൾ ആദ്യമായി കേൾക്കുന്നതാണ്.ആ ബോർഡ് വളരെ പഴക്കമുള്ളതാണെന്ന് ആൻമേരിക്ക് തോന്നി.ആൻമേരി ട്രീസാ ലാന്റിലൂടെ നടന്നു.അതും ഒരുപാട് നേരം.ആൻമേരി ഇതുവരെ സംഭവിച്ച എല്ലാകാര്യങ്ങളും ഓർത്തു. അവളുടെ ശബ്ദത്തിൽ അവൾ മനോഹരമായി പാടി. അവളുടെ

മധുരമായ ശബ്ദം കേട്ട് പക്ഷികൾ അവളുടെ അടുത്തേക്ക് വന്നു. അവൾ അവരെ തലോടി. ആൻമേരിയുടെ കൂടെ അവരും പാടി. അപ്പോൾ അവൾ ഒരു നിലവിളി കേട്ടു. " എന്നെ രക്ഷിക്കണേ വേദനിക്കുന്നേ"ആൻമേരി ആ ശബ്ദം കേട്ട സ്ഥലത്തേക്ക് പോയി.ആൻമേരി ഞെട്ടിപ്പോയി.അതൊരു മുയലായിരുന്നു. സംസാരിക്കുന്ന മുയൽ.! അത് പെൺമുയലായിരുന്നു.അതിന് വെള്ള നിറവും ചുവന്ന കണ്ണും ഉണ്ടായിരുന്നു.അത് താഴെ വരെയുള്ള കോട്ട് ധരിച്ചിരുന്നു.ആ മുയലിന്റെ അടുത്തേക്ക് ആൻമേരി പോയി."എന്റെ കാലിൽ കുടുങ്ങിയ മുള്ള് ഒന്ന് എടുത്തു മാറ്റാമോ?".മുയൽ ചോദിച്ചു. ആൻമേരി പതുക്കെ മുയലിന്റെ കാലിലെ മുള്ള് എടുത്തുകളഞ്ഞു."ഓ വളരെ നന്ദി. ഒരു മനുഷ്യനെ കണ്ടിട്ട് എത്ര കാലമായി. എന്റെ പേര് ഏയ്ഞ്ചൽ.നിന്റെ പേര്

എന്താണ്?".മുയൽ ചോദിച്ചു.
"എന്റെ പേര് ആൻമേരി. ഞാൻ ഇവിടെ കുടുങ്ങിയതാ. ഞാൻ ലണ്ടനിൽ നിന്ന് വന്നതാ."ആൻമേരി ഒറ്റ ശ്വാസത്തിൽ പറഞ്ഞു."നീ ഭൂമിയിൽ നിന്ന് വരുന്ന ആളാണോ. ഭൂമിയിൽ നിന്ന് ആരും ട്രീസാ ലാന്റിലേക്ക് വരാറില്ല. നീയാണ് ആദ്യം വന്നയാൾ. നിനക്ക് ഇവിടെനിന്ന് രക്ഷപെടണമെങ്കിൽ എനിക്ക് സഹായിക്കാൻ പറ്റില്ല ആൻമേരി. പക്ഷെ ട്രീസാ ലാന്റിലെ രാജകുമാരനായ ഫെലിക്സിന് നിന്നെ രക്ഷിക്കാൻ പറ്റും. പക്ഷേ ദുഷ്ടയായ ഒരു മന്ത്രവാദിനി ട്രീസാ ലാന്റിലെ എല്ലാ ജനങ്ങളെയും രാജകൊട്ടാരത്തിലെ ആളുകളെയും ശപിച്ചു. പിന്നീട് ഞങ്ങളാരും ഫെലിക്സ് രാജകുമാരനെപ്പറ്റിയോ ജനങ്ങളെപറ്റിയോ ഒന്നും അറിഞ്ഞിട്ടില്ല.കാരണം ആ കൊട്ടാരത്തിലേക്ക് പോകാൻ തന്നെ വലിയ വിഷമമാണ്. മന്ത്രവാദിനിയാണ് അതെല്ലാം ചെയ്തത്. ജനങ്ങളും മുഴുവൻ

നഗരങ്ങളും ഉറങ്ങി
കിടക്കുകയാണ് എന്നാണ്
എല്ലാവരും
പറയുന്നത്.അതുകൊണ്ടാണ് ഒരു
മനുഷ്യനെ കണ്ടിട്ട് കുറെ
കാലമായി എന്നു ഞാൻ
പറഞ്ഞത്. വേണമെങ്കിൽ നിനക്ക്
ഞാൻ കൊട്ടാരത്തിലേക്കുള്ള വഴി
പറഞ്ഞുതരാം."എയ്ഞ്ചൽ
കൊട്ടാരത്തിലേക്കുള്ള വഴി
ആൻമേരിക്ക് പറഞ്ഞുകൊടുത്തു.
ആൻമേരി ആ വഴി പോയി.ട്രീസാ
ലാന്റിലുള്ള മൃഗങ്ങൾക്കും
സംസാരിക്കാൻ
കഴിയും.അതുകൊണ്ടാണ്
എയ്ഞ്ചൽ സംസാരിക്കുന്നത്.
ആൻമേരി എയ്ഞ്ചൽ പറഞ്ഞ
വഴിയിലൂടെ നടന്നു. ആൻമേരി
തന്നെയല്ലേ. അവൾ
തന്നെയാണെന്ന് ഓർക്കുമ്പോൾ
അവൾക്ക് ഭയങ്കര
പേടിതോന്നി.പെട്ടന്ന് അവൾ ഒരു
ശബ്ദം കേട്ടു."ആൻമേരി നീ
പേടിക്കണ്ട ഞാനുണ്ട് നിന്റെ
കൂടെ."ആരോ
സംസാരിക്കുകയാണ്.! ആൻമേരി
ഞെട്ടിപ്പോയി. അവളുടെ പുറകിൽ

നിന്നാണ് ശബ്ദം
കേൾക്കുന്നത്.ആൻമേരി
പുറകോട്ട് തിരിഞ്ഞു നോക്കി.
പക്ഷെ ആരെയും കണ്ടില്ല."ആരാ
നീ."ആൻമേരി പേടിയോടെ
ചോദിച്ചു."ഞാൻ നീ മുടിയിൽ
കെട്ടിയിരിക്കുന്ന ബണ്ണാണ്.നല്ല
മനസ്സുള്ളവരോടെ ഞാൻ
മിണ്ടാറുള്ളൂ.നിനക്ക് നല്ല
മനസ്സുണ്ട്. ഞാൻ നിന്നെ
സഹായിക്കാം.നീ മുന്നോട്ട് തന്നെ
നടന്നോളൂ.ബൺ
സംസാരിക്കുന്നത് കണ്ട് ആദ്യം
പേടിതോന്നിയെങ്കിലും ഇപ്പോൾ
കൂട്ടിനൊരാളായല്ലോ എന്നോർത്ത്
ആൻമേരി മുന്നോട്ട്
നടന്നു.കുറച്ചുനേരം
നടന്നതെയുള്ളൂ അവർ ഒരു
ശബ്ദം കേട്ടു."അയ്യോ ഞാനിനി
എന്തുചെയ്യും. എനിക്ക് ഭക്ഷണം
കിട്ടില്ലല്ലോ. ആരേലും ഒന്ന്
സഹായിക്കാമോ."ഇങ്ങനെയായി
രുന്നു ആ ശബ്ദം. ആൻമേരിയും
ബണ്ണും ആ സ്ഥലത്തേക്ക്
പോയി.അത്ഭുതം തന്നെ
അവിടെയും ഒരു മുയലായിരുന്നു!.
അതൊരു ആണ്മുയലായിരുന്നു.

അതും താഴെ വരെയുള്ള കോട്ട് ഇട്ടിട്ടുണ്ടായിരുന്നു. അതിന് വെള്ള നിറവും, മൂക്കിലും,വാലിലും, ചെവിയിലും  ചാരനിറവും ഉണ്ടായിരുന്നു.ആൻമേരി അവനോട് കാര്യം തിരക്കി."എന്റെ ക്യാരറ്റ് കുഴിയിൽ വീണു. നിന്റെ ഈ നീളമുള്ള കൈകൊണ്ട് ഈ ക്യാരറ്റ് ഒന്ന് എടുത്തു തരുമോ".മുയൽ ചോദിച്ചു.ആൻമേരി കുഴിയിലേക്ക് നോക്കി.അതിലേക്ക് കയ്യിട്ടാൽ അവൾക്ക് ആ ക്യാരറ്റ് എടുക്കാൻ സാധിക്കും.അവൾ ആ ക്യാരറ്റ് പതിയെ എടുത്തു. മുയലിന് സന്തോഷമായി. "എന്റെ പേര് ടോമി. നിന്റെ പേരെന്താ."ഞാൻ ആൻമേരി നിന്നെ കണ്ടതിൽ സന്തോഷം".ആൻമേരി പറഞ്ഞു. "അല്ല, ഒരു മനുഷ്യനെ കണ്ടിട്ട് ഒരുപാട് കാലമായി. അപ്പോൾ നീയെവിടുന്നു വന്നു."ടോമി ചോദിച്ചു."ഞാൻ ലണ്ടനിൽ നിന്നാണ് വരുന്നത്. ഇവിടെ ഞാൻ അകപ്പെട്ടു പോയി. എന്നെ സഹായിക്കാൻ ഇവിടുത്തെ രാജകുമാരന് കഴിയുമെന്ന്

എയ്ഞ്ചൽ പറഞ്ഞു." ഓ അങ്ങനെയാണോ. അല്ല ആരാ ഈ എയ്ഞ്ചൽ?. "അതൊരു മുയലാ വഴിയിൽ വെച്ചു കണ്ടതാ."ആൻമേരി പറഞ്ഞു." ങേ പെണ്മുയലോ എങ്കിൽ ഞാൻ അവിടേക്ക് ഒന്ന് പോയിട്ട് വരാം ടാറ്റാ."എന്ന് പറഞ്ഞ് ടോമി ഒരൊറ്റ ഓട്ടം. ടോമി എന്തിനാണ് പോയതെന്ന് ഞാൻ പറയണ്ടല്ലോ. എന്തായാലും ബണ്ണിനോട് സംസാരിച്ചുകൊണ്ട് ആൻമേരി മുന്നോട്ടു നടന്നു. കുറേക്കഴിഞ്ഞ് അവർ കൊട്ടാരത്തിന്റെ അടുത്തെത്തി. പക്ഷെ ഒരു കുഴപ്പമുണ്ട്. ഒരു നദി കടന്നാലെ കൊട്ടാരത്തിലെത്താനാവൂ. അവിടെ ഒരു ചെറിയ തോണി ഉണ്ട്.ആൻമേരി തോണിയിൽ കയറി പോകാനൊരുങ്ങി. "അപ്പോൾ ആരാ കൊട്ടാരത്തിന്റെ വാതിൽ തുറക്കുക.?" പിറകിൽ നിന്നൊരു ചോദ്യം.ആൻമേരി പുറകോട്ട് തിരിഞ്ഞ് നോക്കി.എയ്ഞ്ചലും ടോമിയും.! "നിങ്ങളോ.?നിങ്ങൾ കണ്ടുമുട്ടിയല്ലേ. അല്ല എയ്ഞ്ചൽ

എന്താ അങ്ങനെ ചോദിച്ചത്."
"അതേ, കൊട്ടാരത്തിന്റെ വാതിൽ പൂട്ടിയിരിക്കുകയാണ്.തുറക്കാനു ള്ള താക്കോൽ ഏതോ മരപൊത്തിലാ."എയ്ഞ്ചൽ പറഞ്ഞു."അത് എടുക്കണമെങ്കിൽ നല്ല മനസ്സുള്ളവർക്കുമാത്രമേ കഴിയൂ."ടോമി പറഞ്ഞു."അത് ഏത് മരപ്പൊത്തിലാണെന്ന് ഞാൻ കണ്ടുപിടിച്ചില്ലെങ്കിൽ എനിക്ക് ഇവിടെ നിന്നും രക്ഷപെടാൻ പറ്റില്ല. ഞാനത് കണ്ടുപിടിക്കും. ഇത്രയും പറഞ്ഞ് ആൻമേരി എല്ലാ മരവും നോക്കി. അവൾ ഒരു മരം വളരെ വ്യത്യസ്തമായി ഇരിക്കുന്നത് കണ്ടു. ആ മരത്തിൽ നല്ല മനസുള്ളവർ ഒന്നു തൊട്ടാൽ മരപൊത്ത് അവിടെ തെളിഞ്ഞു വരും എന്നാണ് എയ്ഞ്ചൽ പറഞ്ഞത്."പക്ഷെ നല്ല മനസുള്ളവരെ എവിടെനിന്നു കിട്ടും .?"ആൻമേരി ചോദിച്ചപ്പോൾ ടോമി പറഞ്ഞു: നിനക്ക് നല്ല മനസ്സുണ്ട്.നീ ഞങ്ങളെ സഹായിച്ചു. നീ ആ മരത്തിൽ തൊട്ടുനോക്ക്."കുറച്ച് പേടിയോടെയാണെങ്കിലും

ആൻമേരി ആ മരത്തിൽ തൊട്ടു.അപ്പോൾ ആ മരത്തിൽ നിന്ന് വലിയൊരു പ്രകാശം വന്നു. വെളുത്തനിറത്തിലായിരുന്നു ആ പ്രകാശം. ആൻമേരിക്ക് അത് സഹിക്കാൻ കഴിഞ്ഞില്ല. പക്ഷെ എയ്ഞ്ചലും ടോമിയും ആർപ്പുവിളിക്കുകയാണ്."ആൻമേരി നീ പിന്മാററുത്. നല്ല മനസ്സുണ്ട് നിനക്ക്.ആ മരത്തിലേക്ക് തന്നെ നോക്ക്. നിന്നെകൊണ്ട് സാധിക്കും."വളരെ കഷ്ടപ്പെട്ട് അവൾ ആ പ്രകാശത്തിലേക്ക് നോക്കി. ഇത്തിരി നേരം കഴിഞ്ഞ് മരപൊത്ത് സാവധാനം തുറന്നു.ആൻമേരിക്ക് സന്തോഷമായി.മരപൊത്തിൽ നിന്ന് അവൾ ആ താക്കോലെടുത്തു."അവസാനം നീയത് ചെയ്തു."എയ്ഞ്ചലും ടോമിയും ആർപ്പുവിളിച്ചു. അവർ ആ തോണിയിൽ കയറി. അക്കരെക്ക് യാത്രയായി. എയ്ഞ്ചലും ടോമിയും അവരുടെ കൂടെ തന്നെ ഉണ്ടായിരുന്നു. എന്തായാലും അവർ വേഗം അക്കരെക്കെത്തി. ആൻമേരി

സന്തോഷത്തോടെ
താക്കോലുകൊണ്ട് ഒരു വലിയ
സ്വർണ്ണ വാതിൽ തുറന്നു.ഉള്ളിൽ
നിറയെ മാറാലയും പൊടിയും
പിന്നെ ഒരുപാട് പ്രാണികളും.
ആകെ അലങ്കോലമായി
കിടക്കുകയാണ് ആ കൊട്ടാരം.
പക്ഷെ അതിന്റെ ഇടയിലും
മനോഹരമായ ഒരു വാതിൽ
അവർ കണ്ടു. അവർ ആ വാതിൽ
തുറന്ന് ഉള്ളിലേക്ക്
കയറി.അത്ഭുതം തന്നെ ആ
മുറിയുടെ ഉള്ളിൽ മാത്രം
പൊടിയോ മാറാലയോ ഒന്നുമില്ല.
ഒരു എട്ടുകാലിയും പിന്നെ ഒരു
പാറ്റയും. അതു മാത്രമേ അവിടെ
ഉള്ളു. ആൻമേരി ഉള്ളിലേക്ക്
നടന്നപ്പോൾ സുന്ദരനായ ഒരു
രാജകുമാരൻ ബോധം
പോയതുപോലെ അവിടെ
കിടക്കുന്നത് കണ്ടു."ഇതാണ്
ഫെലിക്സ്
രാജകുമാരൻ.അല്ല,രാജകുമാരന്
ഇതെന്തു പറ്റി."എയ്ഞ്ചൽ
ചോദിച്ചു."എയ്ഞ്ചൽ പറഞ്ഞ
മന്ത്രവാദിനി തന്നെയായിരിക്കും
ഈ പണി ചെയ്തത്" അതു

പറയുമ്പോൾ ആൻമേരിയുടെ മുഖത്ത് പേടിയുണ്ടായിരുന്നു.ആൻമേരി രാജകുമാരനെ ഉണർത്താൻ ശ്രമിച്ചു. പക്ഷെ, എത്ര ശ്രമിച്ചിട്ടും ആൻമേരിക്ക് രാജകുമാരനെ ഉണർത്താൻ സാധിച്ചില്ല.പാവം ആൻമേരി. ഇനി താൻ എങ്ങനെ ഭൂമിയിലേക്ക് പോകും. എങ്ങനെ കുടുംബത്തെ കാണും. ആൻമേരിക്ക് വളരെ വിഷമമായി."നീ പേടിക്കണ്ട ആൻമേരി.രാജകുമാരനെ ഉണർത്താൻ വഴിയുണ്ട്."ബൺ പറഞ്ഞു.അപ്പോഴാണ് എയ്ഞ്ചലും ടോമിയും ബണ്ണിനെ കാണുന്നതുതന്നെ."ദേ ഇതാരാ ഈ സംസാരിക്കുന്നെ".?ടോമി ചോദിച്ചു."ഓ ഈ ബണ്ണിനെ ഞാൻ നിങ്ങൾക്ക് പരിചയപ്പെടുത്താൻ മറന്നു. ഞാൻ എല്ലാ കാര്യങ്ങളും നിങ്ങളോട് പിന്നെ പറയാം. ആദ്യം ഈ രാജകുമാരനെ ഉണർത്താൻ ശ്രമിക്കാം."ആൻമേരി പറഞ്ഞു. അപ്പോൾ ബൺ വീണ്ടും പറഞ്ഞു."രാജകുമാരനെ ഉണർത്താൻ ഒരു വഴിയുണ്ട്. ഈ

മുറിയിൽ തന്നെ മന്ത്രവാദിനി രഹസ്യമായി ഇവിടെ എവിടെയോ ഒരു മാന്ത്രിക തൈലം വച്ചിട്ടുണ്ട്. നമ്മൾ തന്നെ അത് കണ്ടുപിടിക്കണം."ബൺ പറഞ്ഞുതീർന്നില്ല, അതിനുമുമ്പേ എയ്ഞ്ചലും ടോമിയും ആൻമേരിയും കൂടെ അന്വേക്ഷണം തുടങ്ങി. അവർ ആ മുറി മുഴുവൻ അരിച്ചുപെറുക്കി.ആ മുറിയുടെ തറ കല്ലു പാകിയതായിരുന്നു.പക്ഷെ ആ മുറിയുടെ മൂലയിൽ ഒരിടത്തു മാത്രം മരം കൊണ്ട് ചതുരത്തിൽ ഉള്ള തറ ടോമി കണ്ടുപിടിച്ചു. അവൻ അൻമേരിയെയും എയ്ഞ്ചലിനെയും വിളിച്ചു കാര്യം പറഞ്ഞു. ആൻമേരി ആ തടിയിൽ മുട്ടിയും തട്ടിയുമൊക്കെ നോക്കി. അവസാനം അത് തുറന്നു വന്നു. അത്ഭുതം! അതാ അതിനുള്ളിൽ ഒരു ചെറിയ അറ. അതിനകത്ത് ഒരു കുഞ്ഞ് കുപ്പിയിൽ ഒരു തൈലവുമുണ്ട്. "ഹായ് നമ്മൾ ആഗ്രഹിച്ച സാധനം കിട്ടി. ഹുറെയ്!."ടോമി വിളിച്ചു പറഞ്ഞു.

ആൻമേരി ആ തൈലം കൊണ്ട് രാജകുമാരന്റെ അടുത്തെത്തി."ഇനി ഈ തൈലം രാജകുമാരന്റെ മേൽ തളിക്കണം.അപ്പോൾ രാജകുമാരൻ ഉണരും."ബൺ പറഞ്ഞതനുസരിച്ച് ആൻമേരി ആ തൈലം രാജകുമാരന്റെ മേൽ തളിച്ചു. മുറുക്കെ ശ്വാസം വലിച്ചുകൊണ്ട് രാജകുമാരൻ ഉണർന്നു.അവൻ കട്ടിലിൽ എഴുന്നേറ്റ് ഇരുന്നു. അവൻ എയ്ഞ്ചലിനെ കണ്ടു."എയ്ഞ്ചൽ, നീ എന്താ ഇവിടെ."ഫെലിക്സ് രാജകുമാരൻ ഞെട്ടലോടെ ചോദിച്ചു. ഒരു കാര്യം പറയാൻ മറന്നു. ഫെലിക്സിന് എയ്ഞ്ചലിനെ നേരത്തെ അറിയാം കേട്ടോ.എയ്ഞ്ചൽ അൻമേരിയെയും ടോമിയെയും പിന്നെ ബണ്ണിനെയും രാജകുമാരന് പരിചയപ്പെടുത്തികൊടുത്തു. ആൻമേരി ആരാണെന്നും, എവിടെ നിന്ന് വന്നു വെന്നും,എന്തിനാണ് വന്നതെന്നും,ആൻമേരിയാണ് രാജകുമാരനെ ഉണർത്തിയതെന്നും എല്ലാം

എയ്ഞ്ചൽ ഫെലിക്സിനോട്
പറഞ്ഞു.അതെല്ലാം കേട്ടപ്പോൾ
ഫെലിക്സിന് ആൻമേരിയോട്
കടുത്ത സ്നേഹം
തോന്നി.ആൻമേരി ഒന്നും
മിണ്ടാതെ ഒരു മൂലയ്ക്ക്
നിൽക്കുകയായിരുന്നു ."അല്ല
രാജകുമാരാ അങ്ങയുടെ അച്ഛനും
അമ്മയും എവിടെ."?
എയ്ഞ്ചലിന്റെ ചോദ്യം
കേട്ടപ്പോഴാണ് ഫെലിക്സിന് ആ
കാര്യം ഓർമ്മ വന്നത്. ഫെലിക്സ്
എഴുന്നേറ്റ് ആൻമേരിയുടെ
അടുത്തേക്ക് ചെന്നു. അവളോട്
മാന്ത്രികതൈലം തരാമോ എന്ന്
ചോദിച്ചു. നാണത്തോടെ
ആൻമേരി അത് ഫെലിക്സിന്
കൊടുത്തു. ഞാൻ നേരത്തെ
പറഞ്ഞില്ലായിരുന്നോ ആ
മുറിയിൽ ഒരു പാറ്റയും
എട്ടുകാലിയും മാത്രമേ
ഉണ്ടായിരുന്നുള്ളു എന്ന്.
ഫെലിക്സ് മാന്ത്രിക തൈലം
അവയുടെ മേൽ തളിച്ചു.
തൽക്ഷണം അത് ഒരു റാണിയും
രാജാവുമായി മാറി.! ഞെട്ടലോടെ
നിൽക്കുന്ന ആൻമേരിയോട്

ഫെലിക്സ് പറഞ്ഞു."ഇത് എന്റെ അച്ഛനും അമ്മയുമാണ്. മന്ത്രവാദിനി ഇവരെ ഇങ്ങനെയാക്കി."ഇത്രയും പറഞ്ഞുകൊണ്ട് ഫെലിക്സ് തന്റെ അമ്മക്കും അച്ഛനും ആൻമേരിയെ പരിചയപ്പെടുത്തികൊടുത്തു. അവർക്കുണ്ടായ സന്തോഷം പറയാനുണ്ടോ.! അപ്പോൾ ആൻമേരി, തന്നെ തിരിച്ചു ഭൂമിയിലേക്ക് അയക്കണം എന്നു അവരോടു അപേക്ഷിച്ചു. അങ്ങനെ ഫെലിക്സ് ആൻമേരിയെ ഭൂമിയിൽ എത്തിച്ചു. ആൻമേരിയെ കണ്ട ലിസയും ജൂലിയറ്റും ഞെട്ടിപ്പോയി. ആൻമേരിയുടെ അച്ഛനും അമ്മയും വളരെ അത്ഭുതത്തോടെ അവളെ കെട്ടിപിടിച്ചു "നീ ഇത്രയും കാലം എവിടെ ആയിരുന്നു മോളെ." എലിസബത്ത് ചോദിച്ചു."ങേ അതിന് ഞാൻ പോയിട്ട് ഒരു ദിവസം പോലും ആയില്ലല്ലോ."ആൻമേരി ഫെലിക്സിനോട് ചോദിച്ചു."ട്രീസാ ലാന്റിലെ ഒരു ദിവസം ഭൂമിയിലെ പല ദിവസങ്ങളാണ്." ഫെലിക്സ്

പറഞ്ഞു."ആൻമേരി തനിക്ക് സംഭവിച്ച എല്ലാ കാര്യങ്ങളും മാതാപിതാക്കളെ അറിയിച്ചു. ഫെലിക്സിനെക്കുറിച്ചും,എയ്ഞ്ച ലിനെയും ടോമിയെയും കുറിച്ചും,ബണ്ണിനെക്കുറിച്ചും എല്ലാം അവൾ പറഞ്ഞു. അവൾ ചേച്ചിമാരോട് ക്ഷമിച്ചു.അപ്പോൾ ഫെലിക്സ് ആൻമേരിയെ എനിക്ക് വിവാഹം കഴിച്ചു തരണമെന്ന് അവളുടെ മാതാപിതാക്കളോട് അപേക്ഷിച്ചു.അതുകേട്ട ആൻമേരി ഞെട്ടിപ്പോയി. പക്ഷെ അവളും സമ്മതിച്ചു. കാരണം മനസ്സുകൊണ്ട് അവർ വല്ലാതെ അടുത്തിരുന്നു. അവളുടെ മാതാപിതാക്കളും സമ്മതിച്ചു. അങ്ങനെ ട്രീസലാന്റിൽ വെച്ച് അവരുടെ വിവാഹം നടന്നു.ട്രീസാ ലാന്റിലെ ജനങ്ങൾ മുഴുവൻ ഉണർന്നു. അവരും രാജകീയ വിവാഹത്തിൽ പങ്കെടുത്തു. എയ്ഞ്ചലും ടോമിയും ക്യാരറ്റ് കരണ്ടുതിന്നുകൊണ്ട് അവിടെ തന്നെ ഉണ്ടായിരുന്നു. അപ്പോൾ ഫെലിക്സ് പറഞ്ഞു."നമുക്ക് ഒരു അയൽ രാജ്യം കൂടിയുണ്ട്.

അതിന്റെ പേരാണ് ലീഫ് ലാന്റ്.
അവർ നമ്മുടെ
ശത്രുക്കളാണ്.നമ്മൾ
ഉറങ്ങിയപ്പോൾ അവരും ഉറങ്ങി
പോയി. എന്നാൽ ഇപ്പോൾ ഒരു
കുഴപ്പവുമില്ലല്ലോ." അങ്ങനെ
ആഘോഷമായി അവരുടെ
വിവാഹം കഴിഞ്ഞു.അവർ
സന്തോഷത്തോടെ അവരുടെ
ജീവിതം ആരംഭിച്ചു. എയ്ഞ്ചലും
ടോമിയും എന്നും അവരുടെ കൂടെ
തന്നെ ഉണ്ടായിരുന്നു. ശുഭം.

**Anitt Anna jis**
**7B**



# Thank You